**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 968** **06-10-2021 - ൽ മറുപടിയ്ക്ക്**

**കൽപ്പറ്റ മണ്ഡലത്തിലെ ഐക്കരപ്പടി ചെക്ക് ഡാം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൽപ്പറ്റ മണ്ഡലത്തിലെ തരിയോട് പഞ്ചായത്തിൽ ഐക്കരപ്പടി ചെക്ക് ഡാം നിർമ്മാണത്തിന് പുതിയ ഭരണാനുമതി നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | നടപടികൾ സ്വീകരിച്ചുവരുന്നു. ഐക്കരപ്പടിയിൽ തരിയോട് ഭാഗത്ത് ഒരു വി.സി.ബി നിർമ്മിക്കുന്നതിന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഉത്തരവ് നം എം.ഐ.ഡി.എസ്.ബി.വൈ 2020, 3054/ ഐ.എ, തീയതി. 22/10/2020 പ്രകാരം ഭരണാനുമതി നല്കിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട സൈറ്റ് സന്ദർശന വേളയിൽ ചെക്ക് ഡാമിന്റെ 2 കി.മീ. താഴ്ഭാഗത്തുള്ള ഒരുവുമ്മൽ വി.സി.ബി-യുടെ ഷട്ടറുകൾ ഇട്ടപ്പോൾ നിർദിഷ്ട സ്ഥാനത്ത് ആവശ്യത്തിന് ജലവിതാനം ലഭ്യമാകുമെന്നും, ആയതിനാൽ നിർദ്ദിഷ്ട പ്രവൃത്തി ഈ സ്ഥലത്തിന്റെ 2 കി.മീ. മുകൾ ഭാഗത്തുള്ള മടത്തുവയൽ എന്ന സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് അനുവാദം നല്കണമെന്നും അപേക്ഷിച്ചു കൊണ്ട് സൂപ്രണ്ടിംഗ് എഞ്ചിനീയർ റിപ്പോർട്ട് നല്കിയതിനാൽ ഇക്കാര്യത്തിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് ജല സേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കത്ത് നൽകിയിരിക്കുകയാണ്. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ വിശദീകരണം ലഭ്യമാകുന്നമുറയ്ക്ക് ചെക്ക്ഡാം നിർമ്മാ ണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ? | (ബി) | നടപടികൾ സ്വീകരിച്ചുവരുന്നു. ഐക്കരപ്പടിയിൽ തരിയോട് ഭാഗത്ത് ഒരു വി.സി.ബി നിർമ്മിക്കുന്നതിന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഉത്തരവ് നം എം.ഐ.ഡി.എസ്.ബി.വൈ 2020, 3054/ ഐ.എ, തീയതി. 22/10/2020 പ്രകാരം ഭരണാനുമതി നല്കിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട സൈറ്റ് സന്ദർശന വേളയിൽ ചെക്ക് ഡാമിന്റെ 2 കി.മീ. താഴ്ഭാഗത്തുള്ള ഒരുവുമ്മൽ |

| | | | | |
|---|---|---|---|---|
| | | | | വി.സി.ബി-യുടെ ഷട്ടറുകൾ ഇട്ടപ്പോൾ നിർദിഷ്ട സ്ഥാനത്ത് ആവശ്യത്തിന് ജലവിതാനം ലഭ്യമാകുമെന്നും, ആയതിനാൽ നിർദ്ദിഷ്ട പ്രവൃത്തി ഈ സ്ഥലത്തിന്റെ 2 കി.മീ. മുകൾ ഭാഗത്തുള്ള മടത്തുവയൽ എന്ന സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് അനുവാദം നല്കണമെന്നും അപേക്ഷിച്ച് കൊണ്ട് സൂപ്രണ്ടിംഗ് എഞ്ചിനീയർ റിപ്പോർട്ട് നല്കിയതിനാൽ ഇക്കാര്യത്തിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് ജല സേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കത്ത് നൽകിയിരിക്കുകയാണ്. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ വിശദീകരണം ലഭ്യമാകുന്നമുറയ്ക്ക് ചെക്ക്ഡാം നിർമ്മാ ണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ